സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണം- മരാമത്ത് ഡിപ്പാർട്ട്മെന്റിൽ 'പ്രൈസ്' സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.1653/23/ഇഡിപി. തിരുവനന്തപുരം,16.08.2024

**പരാമർശം:** 1. ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവ് ഡോ:പി.വിനോദ് ഭട്ടതിരിപ്പാടിന്റെ 01/07/2024, 04/07/2024, 12/07/2024 തീയതികളിലെ കത്തുകൾ.

2. ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ 15/07/2024 ലെ 06/2024/പിഎംഐടി നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സർക്കാരിൽ നിന്നുള്ള "പ്രൈസ്" സോഫ്റ്റ്‌വെയർ മരാമത്ത് വിഭാഗത്തിൽ നടപ്പിൽ വരുത്തുന്നതിനായയുള്ള വിവിധ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവ് ഡോ:പി.വിനോദ് ഭട്ടതിരിപ്പാടിന്റെ കത്തുകൾ (പരാമർശം-1), ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ റിപ്പോർട്ട് (പരാമർശം-2) എന്നിവ ലഭ്യമായി.

"പ്രൈസ്" സോഫ്റ്റ്‌വെയർ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മരാമത്ത് വിഭാഗത്തിൽ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച പരാമർശം(1) കത്തുകളിലെ ശിപാർശകളും, പരാമർശം(2) റിപ്പോർട്ടും ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

## ഉത്തരവ്

1. "പ്രൈസ്" സോഫ്റ്റുവെയർ വെർഷൻ-3(മൂന്ന്) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഉപയോഗിക്കുന്നതിന് അനുവദിച്ച് കിട്ടുന്നതിനുള്ള ഗവൺമെന്റ് ഓർഡർ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു. ആയതിന്റെ നക്കൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നു.

2. "പ്രൈസ്" സോഫ്റ്റുവെയറിൽ പൊതു മരാമത്ത് വകുപ്പിലെ സ്റ്റാൻഡേർഡ് റേറ്റുകൾ മാത്രമേ ഉൾപ്പെട്ടിട്ടുണ്ടാകുകയുള്ളൂ എന്നതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്ര നിർമ്മിതികളുമായി ബന്ധപ്പെട്ട വ്യത്യസ്തമായ പ്രവർത്തികൾക്കുള്ള ഒബ്സർവ്വ്ഡ് റേറ്റുകൾ പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾകൊള്ളിക്കുന്നതിലേക്കായി, പ്രസ്തുത റേറ്റുകൾ കാലാനുസൃതമായി തയ്യാറാക്കി ബോർഡനുമതി

യോടെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി ചീഫ് എഞ്ചിനിയർ സ്വീകരിക്കേണ്ടതാണ്.

3. 2024 സെപ്റ്റംബർ, നവംബർ മാസങ്ങളിലായി പത്തനംതിട്ട, തിരുവനന്തപുരം എന്നീ രണ്ട് ഡിവിഷനുകളിൽ പൈലറ്റ് നടത്തുന്നതിനും ആയത് വിലയിരുത്തി ഡിസംബർ മാസത്തിൽ മറ്റ് ഡിവിഷനുകളിലും പ്രൈസ് സോഫ്റ്റ്‌വെയറിൽ നടപ്പിൽ വരുത്തുന്നതിനുളള നടപടികൾ ചീഫ് എഞ്ചിനിയർ സ്വീകരിക്കേണ്ടതാണ്.

4. പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ ശ്യാമപ്രസാദ് (എക്സിക്യൂട്ടീവ് എൻജിനീയർ, ശബരിമല ഡവലപ്മെന്റ് പ്രൊജക്ട്), ശ്രീമതി ശ്രുതി (അസി: എൻജിനീയർ കോട്ടയം), ശ്രീമതി ആതിര (അസി:എൻജിനീയർ, കൊട്ടാരക്കര), ശ്രീമതി കാവേരി (അസി:എൻജിനീയർ, കൊല്ലം), ശ്രീ ഹരീഷ് (അസി:എൻജിനീയർ, വർക്കല), ശ്രീ കൃഷ്ണപ്രസാദ് (ഫസ്റ്റ് ഗ്രേഡ് ഓവർസീയർ, ചീഫ് എഞ്ചിനിയർ ഓഫീസ്), ശ്രീ കിരൺ (ഫസ്റ്റ് ഗ്രേഡ് ഓവർസീയർ, ചീഫ് എഞ്ചിനിയർ ഓഫീസ്) എന്നിവരെ അംഗങ്ങളാക്കി ഒരു ഇംപ്ലിമെന്റേഷൻ ടീം രൂപീകരിക്കുന്നു.

5. പൊതു മരാമത്ത് വകുപ്പ്, എൻ.ഐ.സി, ഓട്ടോമേഷൻ ടീം, ഐ.റ്റി ഡിവിഷൻ എന്നിവയുമായി നിരന്തരം ആശയവിനിമയം നടത്തുന്നതിനായി ഒരു ലെയ്സൺ ഓഫീസറുടെ സേവനം ആവശ്യമുള്ളതിനാൽ ചീഫ് എഞ്ചിനിയർ ഓഫീസിലെ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീ കിരൺ-നെ ഓട്ടോമേഷൻ ടീമിൽ ഉൾപ്പെടുത്തി പ്രൈസ് സോഫ്റ്റുവെയർ നടപ്പിലാക്കുന്നതിന്റെ ലെയ്സൺ ജോലികൾ കൂടി നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

**സെക്രട്ടറി**

**പകർപ്പ്:-**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എൻജിനീയർ
3. പ്രൊജക്ട് മാനേജർ, ഓട്ടോമേഷൻ
4. ഐടി ഡിവിഷൻ *(പ്രസിദ്ധീകരണത്തിനായി)*
5. സെക്ഷൻ ഫയൽ
6. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി